## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1476. 06-03-2017 ൽ മറുപടിയ്ക്ക്

## തരിശ് നിലങ്ങളിലെ കൃഷി വ്യാപിപ്പിക്കാൻ നടപടി

**ചോദ്യം**
ശ്രീ.എം. സ്വരാജ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തരിശ്ശായി കിടന്ന എത്രത്തോളം സ്ഥലങ്ങളിൽ നെൽ കൃഷി, പച്ചക്കറികൃഷി എന്നിവ നടത്തിയെന്ന് വെവ്വേറെ വ്യക്തമാക്കാമോ; | (എ) | നെല്ല്:- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-2017 വർഷം സംസ്ഥാനത്ത് ആകെ 2900 ഹെക്ടർ തരിശുനിലത്തിൽ നെൽകൃഷി ചെയ്തിട്ടുണ്ട്. കൂടാതെ 2752 ഹെക്ടറിൽ കരനെൽകൃഷിയും 94 ഹെക്ടറിൽ ഒരുപ്പ നിലം ഇരുപ്പുനില കൃഷിയും അധികമായി നടത്തിയിട്ടുണ്ട്. മിക്ക സ്ഥലങ്ങളിലും കൊയ്ത്ത് ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.<br><br>പച്ചക്കറി:- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 477 ഹെക്ടർ തരിശുനിലങ്ങളിൽ പച്ചക്കറി കൃഷിയിറക്കാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കി സ്ഥലത്ത് കൃഷിയിറക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | അതുവഴി എന്തുമാത്രം ഉത്പാദനം നടത്തിയെന്നും എത്ര ഉത്പാദനം പ്രതീക്ഷിക്കുന്നു എന്നും അറിയിക്കാമോ; | (ബി) | മിക്ക സ്ഥലങ്ങളിലും നെൽകൃഷിയുടെ കൊയ്ത്ത് ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. പൂർണ്ണമായും കൊയ്ത്ത് കഴിഞ്ഞാൽ മാത്രമേ ഉല്പാദനത്തിന്റെ കണക്ക് വ്യക്തമാകുകയുള്ളൂ. നെൽകൃഷിയിൽ നിന്നും 14500 മെ. ടൺ ഉല്പാദനം പ്രതീക്ഷിക്കുന്നുണ്ട്. ഇതുവരെ 9542 ടൺ പച്ചക്കറി ഈ പദ്ധതി വഴി ഉല്പാദിപ്പിയ്ക്കുവാൻ സാധിച്ചു. 15400 ടൺ പച്ചക്കറി ഉൽപ്പാദനം പ്രതീക്ഷിക്കുന്നു. |
| (സി) | ഈ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കാമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | (സി) | ഈ പ്രവർത്തനം അടുത്ത വർഷം കൂടുതൽ വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. തരിശുനില നെൽകൃഷി 3633 ഹെക്ടറിൽ, |

| | |
|---|---|
| | ഹെക്ടറിന് 30000/-രൂപ ധനസഹായം നൽകി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.<br>2017-18-ൽ 1000 ഹെക്ടർ തരിശുനിലത്ത് പച്ചക്കറിക്കൃഷിയിറക്കാനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഇത് കൂടാതെ റബ്ബർ ബോർഡുമായി സഹകരിച്ച് റബ്ബർ പ്ലാന്റേഷനുകളിൽ ഇടവിളയായി പച്ചക്കറി ക്കൃഷിയും, വാഴക്കൃഷിയും ചെയ്യുന്നതിനുള്ള ഒരു പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ